പതിനാലാം കേരള നിയമസഭ

ഏഴാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം. 3467 — 22/08/2017-ൽ മറുപടിക്ക്

## മെഡിക്കൽ ലാബട്ടറികൾക്ക് ഫലപ്രദമായ നിയന്ത്രണം

| ചോദ്യം | | മറുപടി | |
|---|---|---|---|
| **ശ്രീ.സി.മമ്മൂട്ടി**<br>**ശ്രീ.ടി.എ.അഹമ്മദ് കബീർ**<br>**പ്രൊഫ.ആബിദ് ഹുസൈൻ തങ്ങൾ**<br>**ശ്രീ.കെ.എം.ഷാജി** | | **ശ്രീമതി . കെ.കെ. ശൈലജ ടീച്ചർ**<br>(ആരോഗ്യവും സാമൂഹ്യനീതിയും വകുപ്പുമന്ത്രി) | |
| എ) | യാതോരു നിയന്ത്രണവും ഇല്ലാതെ പ്രവർത്തിക്കുന്ന മെഡിക്കൽ ലാബോറട്ടറികൾക്ക് ഫലപ്രദമായ നിയന്ത്രണം ഏർപ്പെടുത്താൻ ഉദ്ദേശിക്കുന്നുണ്ടോ എന്നറിയിക്കാമോ; | എ), ബി) & സി) | ഉണ്ട്. സ്വകാര്യ ചികിത്സാ സ്ഥാപനങ്ങളുടെ പ്രവർത്തനം നിയന്ത്രിക്കുന്നതിന് ആരോഗ്യ വകുപ്പിന് നിലവിൽ സംവിധാനമില്ല. എന്നാൽ സ്വകാര്യ ആശുപത്രികൾ, ലാബുകൾ, സ്കാനിംഗ് സെന്ററുകൾ തുടങ്ങിയ എല്ലാ ചികിത്സാ സ്ഥാപനങ്ങളുടെയും പ്രവർത്തനം വ്യവസ്ഥാപിതമായ നിയമം മുഖേന നിയന്ത്രിക്കുക എന്ന ലക്ഷ്യത്തോടെ "കേരള ക്ലിനിക്കൽ എസ്റ്റാബ്ലിഷ്മെന്റ് (രജിസ്ട്രേഷൻ & റഗുലേഷൻ) ബിൽ 2017" ന് രൂപം നൽകിയിട്ടുണ്ട്. പ്രസ്തുത ബിൽ നിയമസഭയിൽ 10/08/2017 ന് അവതരിപ്പിക്കുകയുണ്ടായി. ബിൽ നിയമമാകുന്ന മുറയ്ക്ക് ലാബുകളുടെ പ്രവർത്തന നിലവാരവും പരിശോധനാ നിലവാരവും കുറ്റമറ്റതാക്കുവാൻ സാധിക്കുന്നതാണ്. |
| ബി) | അടിസ്ഥാന സൗകര്യങ്ങളുടെ കുറവും നിശ്ചിത യോഗ്യതയില്ലാത്തവർ ഈ രംഗത്ത് പ്രവർത്തിക്കുന്നതു മൂലം ഇവർ തയ്യാറാക്കുന്ന റിപ്പോർട്ടുകളിൽ ഗുരുതരമായ തെറ്റുകൾ കടന്നു കൂടുന്നതായ റിപ്പോർട്ടുകൾ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | | |
| സി) | ഓരോ ടെസ്റ്റിനും വ്യത്യസ്ത നിരക്കിൽ ഫീസ് ഈടാക്കുന്നത് തടയാൻ എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ട്? | | |

സെക്ഷൻ ഓഫീസർ